"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കേരള പഞ്ചായത്ത് രാജ് ആക്ട് - തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 30.01.2025-ലെ 1(1), 07.02.2025-ലെ 1(1) എന്നീ തീരുമാനങ്ങൾ സ്റ്റേ ചെയ്തു കൊണ്ടും പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ ബി ) വകുപ്പ്

സ.ഉ.(സാധാ) നം.926/2025/LSGD തീയതി, തിരുവനന്തപുരം, 08-04-2025

---

പരാമർശം:-
1. ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 30.01.2025-ലെ തീരുമാനം നം. 1(1)
2. ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 07.02.2025-ലെ തീരുമാനം നം. 1(1)
3. ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.02.2025, 07.03.2025 തീയതികളിലെ SC1-514/2025 നമ്പർ കത്തുകൾ.

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ ചിറനെല്ലൂർ വില്ലേജിലെ സർവ്വേ നം.365/PTS-ൽ ഉൾപ്പെട്ട 33.46 ആർ സ്ഥലത്ത് 704.28 ച.മീറ്ററിൽ രണ്ട് കെട്ടിടങ്ങൾ, ഒരു കിണർ, ഒരു കോമ്പൗണ്ട് വാൾ എന്നിവ നിർമ്മിക്കുന്നതിന് ശ്രീ. സന്തോഷ്, പണ്ടിരിക്കൽ ഹൗസ്, ചെമ്മണ്ണൂർ, പോർക്കളേങ്ങാട് എന്ന വ്യക്തിക്ക് കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നുവെന്നും പ്രസ്തുത പ്ലോട്ടിൽ 3000 ചതുരശ്ര അടിയിൽ കൂടിയ നിർമ്മാണത്തിന് ആവശ്യമായ മണ്ണ് ഖനനം ചെയ്ത് ആവശ്യമുള്ള അളവിൽ അവിടെ ഉപയോഗിച്ചതിന് ശേഷം ബാക്കി പുറത്തേക്ക് കൊണ്ടുപോകുന്നതിന് ജില്ലാ സീനിയർ ജിയോളജിസ്റ്റിൽ നിന്ന് ടിയാന് ഗതാഗതപെർമിറ്റും അനുവദിച്ചിട്ടുണ്ടെന്നും ഇപ്രകാരം അനുവദിച്ച ബിൽഡിംഗ് പെർമിറ്റും ഗതാഗത പെർമിറ്റും ദുരുപയോഗം ചെയ്ത് മണ്ണെടുത്ത് പുറത്തേക്ക് കൊണ്ടുപോകുന്ന എന്നാരോപിച്ച് ലഭിച്ച പരാതി ചർച്ച ചെയ്ത ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 30.01.2025-ലെ അടിയന്തരകമ്മിറ്റി യോഗത്തിൽ ടി ബിൽഡിംഗ് പെർമിറ്റ് റദ്ദു ചെയ്യുന്നതിനും ഗതാഗത പെർമിറ്റ് റദ്ദുചെയ്യുന്നതിന് ജിയോളജി വകുപ്പിനോട് ആവശ്യപ്പെടുന്നതിനും പരാമർശം (1) പ്രകാരം തീരുമാനം എടുത്തിട്ടുണ്ടെന്നും പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യുന്നതിന് സെക്രട്ടറി ആവശ്യപ്പെട്ടതിനെത്തുടർന്ന് 07.02.2025-ൽ നടന്ന അടിയന്തര കമ്മിറ്റി ഇക്കാര്യം വീണ്ടും ചർച്ച ചെയ്യുകയും പരാമർശം (2) പ്രകാരം മുൻ തീരുമാനം നടപ്പാക്കുന്നതിന് തീരുമാനിക്കുകയും സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതുമാണെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിക്കുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച കെട്ടിടനിർമ്മാണ പെർമിറ്റ് റദ്ദു ചെയ്യുന്നതും കേരള മൈനർ മിനറൽ കൺസഷൻ (ഭേദഗതി) ചട്ടങ്ങൾ 2023 പ്രകാരം ജില്ലാ സീനിയർ ജിയോളജിസ്റ്റ് അനുവദിച്ച ഗതാഗത പെർമിറ്റ്,

ട്രാൻസിറ്റ് പാസ് എന്നിവ റദ്ദ് ചെയ്യുന്നതിന് ശിപാർശ ചെയ്യുന്നതും തെറ്റായ കീഴ്വഴക്കത്തിന് കാരണമാകുന്നതും നിയമാനുസൃതം പൗരന് ലഭിക്കേണ്ട സേവനം നിഷേധിക്കലായി തീരുന്നതുമാണെന്നും പരാമർശം (3) പ്രകാരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമപഞ്ചായത്തിന്റെ 30.01.2025-ലെ 1(1), 07.02.2025-ലെ 1(1) എന്നീ നമ്പർ തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സ്റ്റേ ചെയ്തും പ്രസ്തുത തീരുമാനങ്ങൾ ടി ആക്ടിന്റെ സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
പ്രസിഡന്റ് ചൂണ്ടൽ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല
സെക്രട്ടറി ചൂണ്ടൽ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ജില്ല
ഡയറക്ടർ ✓ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 08-04-2025 15:52:41

സെക്ഷൻ ഓഫീസർ